# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ജൂലൈ 07 ചൊവ്വ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**പാർട്ട് - 2**

## ജില്ലയിൽ 10 പേർക്ക് കൂടി കോവിഡ്; 6 പേർ രോഗമുക്തർ

ജില്ലയിൽ ചൊവ്വാഴ്ച (ജൂലൈ 07) 10 പേർക്ക് കൂടി കോവിഡ് സ്ഥിരീകരിച്ചു. 6 പേർ രോഗ മുക്തരായി. എല്ലാവരും വിദേശത്തു നിന്ന് വന്നവരാണ്. ജൂലൈ 02 ന് മസ്‌ക്കറ്റിൽ നിന്ന് വന്ന പുത്തൻചിറ സ്വദേശി (23, പുരുഷൻ), ജൂൺ 20 ന് ഷാർജയിൽ നിന്ന് വന്ന എടത്തിരുത്തി സ്വദേശി (37, പുരുഷൻ), ജൂൺ 30 ന് റിയാദിൽ നിന്ന് വന്ന എറിയാട് സ്വദേശി(46, പുരുഷൻ), ജൂൺ 20 ന് ദമാമിൽ നിന്ന് വന്ന ചേലക്കര സ്വദേശികൾ (47, പുരുഷൻ, 13 വയസ്സ് പെൺകുട്ടി), ജൂലൈ 01 ന് ഖത്തറിൽ നിന്ന് വന്ന മറ്റത്തൂർ സ്വദേശി (57, പുരുഷൻ), ജൂലൈ 03 ന് ദമാമിൽ നിന്ന് വന്ന വരന്തരപ്പിള്ളി സ്വദേശി (49, പുരുഷൻ), ജൂലൈ 03 ന് ദമാമിൽ നിന്ന് വന്ന ഇരിങ്ങാലക്കുട സ്വദേശി (61, പുരുഷൻ), ജൂലൈ 01 ന് റിയാദിൽ നിന്ന് വന്ന കണ്ണാറ സ്വദേശി (57, പുരുഷൻ), ജൂലൈ 01 ന് റിയാദിൽ നിന്ന് വന്ന പുത്തൂർ സ്വദേശി (37, പുരുഷൻ) എന്നിവർക്കാണ് രോഗം സ്ഥിരീകരിച്ചത്. ഇതോടെ രോഗം സ്ഥിരീകരിച്ചവരുടെ എണ്ണം 505 ആയി.

രോഗം സ്ഥീരികരിച്ച 183 പേർ ജില്ലയിലെ ആശുപത്രികളിൽ ചികിത്സയിൽ കഴിയുമ്പോൾ തൃശൂർ സ്വദേശികളായ 6 പേർ മറ്റു ജില്ലകളിൽ ചികിത്സയിലാണ്. ആകെ നിരീക്ഷണത്തിൽ കഴി യുന്ന 17596 പേരിൽ 17376 പേർ വീടുകളിലും 220 പേർ ആശുപത്രികളിലുമായാണ് കഴിയുന്നത്. കോവിഡ് സംശയിച്ച് 20 പേരെയാണ് ചൊവ്വാഴ്ച (ജൂലൈ 07) ആശുപത്രിയിൽ പുതിയതായി പ്രവേശിപ്പിച്ചത്. നിരീക്ഷണത്തിൽ ഉണ്ടായിരുന്ന 22 പേരെ ഡിസ്ചാർജ്ജ് ചെയ്തിട്ടുണ്ട്. 1217 പേരെ ചൊവ്വാഴ്ച (ജൂലൈ 07) നിരീക്ഷണത്തിൽ പുതിയതായി ചേർത്തു. 1014 പേരെ നിരീക്ഷണ കാലഘട്ടം അവസാനിച്ചതിനെ തുടർന്ന് നിരീക്ഷണ പട്ടികയിൽ നിന്നും ഒഴിവാക്കി.

ചൊവ്വാഴ്ച (ജൂലൈ 07) 439 സാമ്പിളുകളാണ് പരിശോധനയ്ക്ക് അയച്ചത്. ഇതുവരെ ആകെ 13105 സാമ്പിളുകളാണ് പരിശോധനയ്ക്ക് അയച്ചിട്ടുള്ളത്. ഇതിൽ 12005 സാമ്പിളുകളുടെ പരിശോ ധന ഫലം വന്നിട്ടുണ്ട്. ഇനി 1100 സാമ്പിളുകളുടെ പരിശോധന ഫലം ലഭിക്കാനുണ്ട്. സെന്റിനൽ സർവ്വൈലൻസിന്റെ ഭാഗമായി നിരീക്ഷണത്തിൽ ഉള്ളവരുടെ സാമ്പിളുകൾ പരിശോധിക്കുന്നത് കൂടാതെ 4754 ആളുകളുടെ സാമ്പിളുകൾ ഇതുവരെ കൂടുതലായി പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.

ചൊവ്വാഴ്ച (ജൂലൈ 07) 384 ഫോൺ വിളികളാണ് ജില്ലാ കൺട്രോൾ സെല്ലിലേക്ക് വന്നത്. ഇതുവരെ ആകെ 46443 ഫോൺ വിളികളാണ് ജില്ലാ കൺട്രോൾ സെല്ലിലേക്ക് വന്നു. 174 പേർക്ക് സൈക്കോ സോഷ്യൽ കൗൺസിലർമാർ വഴി കൗൺസിലിംഗ് നൽകി.

ചൊവ്വാഴ്ച (ജൂലൈ 07) റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റാൻഡുകളിലുമായി 580 പേരെ ആകെ സ്ക്രീനിംഗ് ചെയ്തിട്ടുണ്ട്.

# പൊരിങ്ങൽക്കുത്ത് ഡാമിന്റെ സ്ലൂയിസ് ഗേറ്റ് ഇന്ന് തുറക്കും: ജാഗ്രത പാലിക്കണം

ജില്ലയിൽ കാലവർഷം ശക്തിപ്രാപിച്ച സാഹചര്യത്തിൽ പൊരിങ്ങൽക്കുത്ത് ഡാമിലേക്കുള്ള നീരൊഴുക്ക് കൂടുതലായതിനാൽ ജലനിരപ്പ് ക്രമീകരിക്കുന്നത് ഡാമിന്റെ ഒരു സ്ലൂയിസ് ഗേറ്റ് ഇന്ന് (ജൂലൈ 8) രാവിലെ 7.30 ന് തുറക്കും. 18 അടിയാണ് സ്ലൂയിസ് ഗേറ്റ് ഉയർത്തുക. തൽഫലമായി 200 ക്യൂമെക്സ് ജലം ചാലക്കുടിപുഴയിലേക്ക് ഒഴുകും. ചാലക്കുടിപുഴയിലെ ജലനിരപ്പ് 3 അടി വരെ ഉയരുവാനും വെള്ളം കലങ്ങുവാനും സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ മീൻപിടുത്ത മുൾപ്പെടെയുള്ള അനുബന്ധ പ്രവൃത്തികൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെന്നും പുഴയുടെ തീരങ്ങളിലുള്ളവർ ജാഗ്രത പാലിക്കണമെന്നും ജില്ലാ കളക്ടർ എസ് ഷാനവാസ് അറിയിച്ചു. ഡാമിലെ ജലനിരപ്പ് 419.41 മീറ്റർ ആയപ്പോൾ സ്പിൽവേകളിലൂടെ ജലം പുറത്തേക്ക് ഒഴുക്കിയിരുന്നു.

# കണ്ടെയ്ൻമെന്റ് സോണുകൾ തുടരും: തൃശൂർ കോർപ്പറേഷനിൽ 35-ാം ഡിവിഷൻ ഒഴിവാക്കി

കോവിഡ് 19 രോഗവ്യാപന സാധ്യതകുറഞ്ഞ സാഹചര്യത്തിൽ തൃശൂർ കോർപ്പറേഷനിലെ 35-ാം ഡിവിഷനെ കണ്ടെയ്ൻമെന്റ് സോണിൽ നിന്ന് ഒഴിവാക്കി. നേരത്തെയുള്ള ഉത്തരവനുസരിച്ച് പ്രഖ്യാപിച്ച തൃശൂർ കോർപ്പറേഷനിലെ 49, 51 വാർഡുകൾ, ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ 11, 12 വാർഡുകൾ കുന്നംകുളം നഗരസഭയിലെ 07, 10, 11, 15, 17, 19, 25, 26 ഡിവിഷനുകൾ എന്നിവ കണ്ടെയ്ൻമെന്റ് സോണുകളായി തുടരും.

# മഴക്കാല തയ്യാറെടുപ്പ്: ജില്ല സജ്ജമെന്ന് വിലയിരുത്തൽ

ജില്ലയിലെ മഴക്കാല മുന്നൊരുക്കപ്രവർത്തനങ്ങൾ തൃപ്തികരമാണെന്ന് തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി എ സി മൊയ്തീന്റെ സാന്നിദ്ധ്യത്തിൽ ചേർന്ന ജില്ലാതല യോഗം വിലയിരുത്തി. കാലവർഷം രൂക്ഷമാവുകയും വെള്ളക്കെട്ട് ഉണ്ടാവുകയും ചെയ്താൽ ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിനായി 809 ദുരിതാശ്വാസ ക്യാമ്പുകൾ സജ്ജമാക്കിയിട്ടുണ്ട്. കോവിഡ് രോഗബാധയുടെ പശ്ചാത്തലത്തിൽ നാലുതരം ക്യാമ്പുകളാണ് ഒരുക്കുന്നത്. ഇതിൽ കോവിഡ് രോഗലക്ഷണങ്ങൾ ഉള്ളവരെയും ഹോം ക്വാറന്റീൻ കഴിയുന്നവരേയും മാറ്റിപ്പാർപ്പിക്കുന്നതിനുള്ള ക്യാമ്പുകൾ കൂടുതലായി ഒരുക്കാൻ ചാലക്കുടി, കൊടുങ്ങല്ലൂർ, തലപ്പിള്ളി, കുന്നംകുളം, മുകുന്ദപുരം തഹസിൽദാർമാർക്ക് നിർദ്ദേശം നൽകി. കൂളിമുട്ടം, എറിയാട്, എടവിലങ്ങ്, അഴീക്കോട്, ഏങ്ങണ്ടിയൂർ, കടപ്പുറം, വാടാനപ്പിള്ളി, പുന്നയൂർകുളം തുടങ്ങിയ വില്ലേജുകളിൽ കടൽക്ഷോഭം പ്രതിരോധിക്കുന്നതിന് ജിയോ ബാഗുകൾ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കും. 2018, 19 ലെ പ്രളയം ഏറ്റവുമധികം നാശംവിതച്ച പഞ്ചായത്തുകളിൽ മുന്നൊരുക്ക പ്രവർത്തനങ്ങൾക്ക് പ്രത്യേക പദ്ധതിയുണ്ടാക്കും. ഇവിടങ്ങളിൽ ഉയർന്ന പ്രദേശങ്ങളിൽ ക്യാമ്പുകൾ സജ്ജീകരിക്കും. മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിലും പ്രത്യേകം ക്രമീകരണങ്ങൾ ഉണ്ടാകും. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി തൃശൂർ നഗരത്തിലെ വ്യാപാരസ്ഥാപനങ്ങളിൽ പരിശോധന ശക്തമാക്കും.

ജില്ലാ കളക്ടർ എസ് ഷാനവാസ്, വിവിധ വകുപ്പുകളുടെ ജില്ലാതല മേധാവികൾ, തദ്ദേശ സ്ഥാപന മേധാവികൾ, തഹസിൽദാർമാർ എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ജില്ലയിലെ മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി മന്ത്രി എ സി മൊയ്തീന്റെ സാന്നിധ്യത്തിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വിഡിയോ കോൺഫറൻസിങ്ങ് മുഖേന നടന്ന ഉദ്യോഗസ്ഥയോഗം***

# ഗവ. മെഡിക്കൽ കോളേജിൽ കോവിഡ് രോഗികൾക്കായി പുതിയ പരിശോധനാ സംവിധാനം

തൃശൂർ ഗവ. മെഡിക്കൽ കോളേജിൽ കോവിഡ് രോഗികൾക്കായി പുതിയ പരിശോധന സംവിധാനം നിലവിൽ വന്നു. പ്രോകാൽസിടോണിൻ, ഇന്റർ ലൂകിൻ -6 എന്നീ രണ്ട് ലാബ് പരിശോധനയിലൂടെ കോവിഡ് രോഗികൾക്ക് മുൻകൂട്ടി നിലവിലെ ആരോഗ്യ സ്ഥിതി എന്തെന്ന് അറിയാവുന്നതാണ് പുതിയ സംവിധാനം. കൊറോണ വൈറസ് രോഗം തീവ്രതയിലായി, രോഗി അപകടത്തിൽ എത്തുന്നതിനു മുമ്പേതന്നെ, രോഗതീവ്രതയെ കുറിച്ച് സൂചന നൽകുന്ന, അത്യാധുനിക പരിശോധനയാണിത്

കേരളത്തിൽ ആദ്യമായിട്ടാണ് ഗവ മെഡിക്കൽ കോളേജിൽ കോവിഡ് രോഗികൾക്കയായി ഇത്തരം പരിശോധനാ സംവിധാനമൊരുക്കുന്നത്. രോഗം മൂർച്ഛിക്കുന്നതിനെ തുടർന്ന്, അക്യൂട്ട് കെയർ ഐസിയു, വെന്റിലേറ്റർ,എന്നീ സംവിധാനങ്ങളിൽ പ്രവേശിപ്പിക്കുന്നതിന് മുൻപായി പ്രത്യേക പരിശോധനയിലൂടെ, രോഗ തീവ്രത അറിയാനുള്ള രക്തപരിശോധനയാണ് ഈ നൂതന സംരംഭം.

ഇതിൽ ഐഎൽ-6 പരിശോധന വഴി, കോവിഡ്-19 രോഗിയുടെ ശ്വാസകോശത്തിൽ ഉണ്ടാക്കുന്ന, കടുത്ത ന്യൂമോണിയ, സൈറ്റോ കയിൻ സ്റ്റോം ഗ്രേഡ് 3-4, എന്നിവയ്ക്ക് ജീവൻരക്ഷാ മരുന്നായി കണക്കാക്കുന്ന വിലയേറിയ ടോസിലിസീമാബ് ഇഞ്ചക്ഷൻ നൽകുന്നതിന്റെ ആവശ്യകത നേരത്തെ മനസ്സിലാക്കാൻ സഹായിക്കുന്ന പ്രധാനപ്പെട്ട പരിശോധനയാണിത്. ഗവ മെഡിക്കൽ കോളേജിൽ നിലവിൽ ചികിത്സയിലുള്ള, രോഗികൾക്ക് ഈ സംവിധാനം പ്രയോജനപ്പെടുത്തും.

മെഡിക്കൽ കോളേജ് ആശുപത്രി സെൻടൽ ലാബിലെ സ്പെഷൽ ഇൻവെസ്റ്റിഗേഷൻ ലബോറട്ടറിയിലാണ് കൊറോണ രോഗ ചികിത്സക്ക് വളരെയധികം സഹായകമാകുന്ന വിവിധ തരം പരിശോധനകൾ ആരംഭിച്ചിരിക്കുന്നത്. മനുഷ്യന്, ബാക്ടീരിയ, വൈറസ് എന്നിവയിലൂടെ വരുന്ന വിവിധ രോഗങ്ങളുടെ, തീവ്രത അറിയുന്നതിനും, അതിനനുസരിച്ച് മുൻകൂട്ടി ചികിത്സ നിശ്ചയിക്കുന്നതിനും ഈ പരിശോധന ഉപകാരപ്രദമാകും. വളരെയേറെ ചിലവേറിയ ഇത്തരം പരിശോധനകൾ തികച്ചും സൗജന്യമായിട്ടാണ് കൊറോണ രോഗികളുടെ ചികിത്സക്കായി തൃശൂർ മെഡിക്കൽ കോളേജിൽ തുടങ്ങിയിട്ടുള്ളത്.

തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ, കോവിഡ് വാർഡുകളിൽ ചികിത്സ തേടുന്ന രോഗിക്കായി വേണ്ടി 24 മണിക്കൂറും പരിശോധന സംവിധാനം ഉറപ്പുവരുത്തിയിട്ടുണ്ട്. മറ്റു പതിവു പരിശോധനകളും കൊറോണ രോഗ ചികിത്സയുമായി ബന്ധപ്പെട്ട പ്രത്യേക പരിശോധനകളും വിവിധ ലാബുകളിൽ സമയബന്ധിതമായി ചെയ്തുവരുന്നു. ന്യൂതന പരിശോധന സംവിധാനം, ആരംഭിക്കുന്നതിന് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. എം എ ആൻഡ്രൂസ്, മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് ഡോ. ബിജു കൃഷ്ണൻ, ജനറൽ മെഡിസിൻ വകുപ്പ് മേധാവി ഡോ. എൻ വി ജയചന്ദ്രൻ, ബയോകെമിസ്ട്രി വകുപ്പ് മേധാവി ഡോ. ഗീത ദാമോദരൻ, ആർഎംഒ ഡോ. സി പി മുരളി, ഡോ. ഷാജി എസ് നായർ എന്നിവർ താല്പര്യമെടുത്താണ് പുതിയ പരിശോധന സംവിധാനം ഒരുക്കിയത്.

***ഫോട്ടോ അടിക്കുറിപ്പ് : കോവിഡ് രോഗികൾക്കായി ഗവ. മെഡിക്കൽ കോളേജ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ലബോറട്ടറിയിൽ ആരംഭിച്ച പരിശോധനാ സംവിധാനം***

# ഓണത്തിന് ഒരു മുറം പച്ചക്കറി :ജില്ലയിൽ 75 ലക്ഷം പച്ചക്കറി വിത്തുകൾ വിതരണം ചെയ്യും - മന്ത്രി വി എസ് സുനിൽകുമാർ

ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ ഭാഗമായി ജില്ലയിൽ 75 ലക്ഷം പച്ചക്കറി വിത്തുകളും തൈകളും വിതരണം ചെയ്യുമെന്ന് കൃഷി വകുപ്പ് മന്ത്രി വി എസ് സുനിൽകുമാർ പറഞ്ഞു. പരിപാടിയുടെ സംസ്ഥാന തല ഉദ്ഘാടനം ഓൺലൈനിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കോവിഡ് കാലത്തെ നമ്മുടെ ഓണം തൊടിയിലെ പച്ചക്കറി കൊണ്ട് തന്നെ ആകുമെന്ന പ്രതിജ്ഞ എല്ലാവരും എടുക്കണം. നമ്മുടെ ഓണം നമ്മുടെ പച്ചക്കറികൊണ്ട് എന്ന ആശയത്തിലൂന്നി മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കാതെ നമുക്ക്

ആവശ്യമുള്ള പച്ചക്കറികൾ നമ്മുടെ തൊടിയിൽ തന്നെ ഉല്പാദിപ്പിക്കാൻ കഴിയണം. ലോക് ഡൌൺ കാലത്ത് 50 ലക്ഷം പച്ചക്കറി തൈകളും വിത്തുകളും കൃഷിഭവനുകൾ വഴിയും അല്ലാതെയും വാങ്ങി വീടുകളിലും മറ്റും ആവേശകരമായ രീതിയിലാണ് കൃഷി ചെയ്തത്. സുഭിക്ഷ കേരളം, ജീവനി പദ്ധതികളിലൂടെ 50 ലക്ഷത്തോളം പച്ചക്കറികൾ വിതരണം ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് 75 ലക്ഷം വിത്തുകൾ കൂടെ വീടുകൾക്ക് ലഭ്യമാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം ഗവൺമെൻറ് ചീഫ് അഡ്വ കെ രാജൻ ചെമ്പുക്കാവ് പ്രിൻസിപ്പൽ കൃഷി ഓഫീസ് ഹാളിൽ നിർവഹിച്ചു. മേയർ അജിത ജയരാജൻ അധ്യക്ഷത വഹിച്ചു. കർഷകൻ കെ വി പോളിനും, കൗൺസിലർ കെ മഹേഷിനും തൈകൾ നൽകിക്കൊണ്ടാണ് ജില്ലാതല ഉദ്ഘാടനം നിർവഹിച്ചത്. സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളെയും പങ്കാളികളാക്കി ഉള്ള ബൃഹത് പദ്ധതിയാണ് ഓണത്തിന് ഒരു മുറം പച്ചക്കറി. ഭക്ഷ്യസുരക്ഷയ്ക്കു സുരക്ഷിത ഭക്ഷണം എന്നതാണ് ഇതിന്റെ ആശയം. ഇതോടൊപ്പം വിത്തുകൾ, നടീൽവസ്തുക്കൾ, ഗ്രോബാഗുകൾ എന്നിവയും കർഷകർക്ക് കൃഷിഭവൻ മുഖേന ലഭ്യമാക്കും. പരിപാടിയിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ നീന കെ മേനോൻ നന്ദി പറഞ്ഞു. പ്രിൻസിപ്പൽ കൃഷി ഓഫീസർ കെ രാധാകൃഷ്ണൻ, ആത്മ പ്രോജക്ട് ഡയറക്ടർ ശ്രീലത, കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരായ ചന്ദ്രൻ കെ, വി ആർ നരേന്ദ്രൻ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശാന്ത അപ്പു തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ ഭാഗമായി പച്ചക്കറിവിത്തിന്റെ ജില്ലാതല വിതരണോദ്ഘാടനം ഗവ. ചീഫ് വിപ്പ് കെ രാജൻ നിർവഹിക്കുന്നു***

# കൊടുങ്ങല്ലൂർ നഗരസഭയിൽ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി

കൊടുങ്ങല്ലൂർ നഗരസഭയിൽ കൃഷിഭവനുകൾ വഴി ഓണത്തിന് വിഷ രഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്ന് തന്നെ ലഭ്യമാക്കുവാൻ ഉദ്ദേശിച്ച് നടപ്പിലാക്കുന്ന ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ ഉദ്ഘാടനം നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ നിർവ്വഹിച്ചു. കർഷകർക്ക് വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുപാക്കറ്റുകളും പച്ചക്കറിതൈകളും വീട്ടമ്മമാർക്കും സന്നദ്ധ സംഘടനകൾക്കും കർഷകർക്കും വിദ്യാർത്ഥികൾക്കും നൽകും. ഗ്രോബാഗുകളും വിതരണം ചെയ്യും. കൃഷി ചെയ്യുന്നവർക്ക് ആവശ്യമായ പരിശീലനം ഉൾപ്പെടെയുള്ള കാമ്പയിനുകൾ നടത്തി പരിപാടിക്ക് പ്രചാരണം നടത്തി വിത്ത് വിതരണം നിർവ്വഹിക്കും. കർഷകർക്കുള്ള ലഘുലേഖകൾ ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കി നൽകും. ജനപ്രതിനികൾ, കാർഷിക കർമ്മ സേന, കുടുംബ ശ്രീ എന്നിവരുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കും. വാർഡ് കൗൺസിലർ ചെയർമാനും കൃഷി അസിസ്റ്റന്റ് കൺവീനറായും വാർഡുതല നിരീക്ഷണ സമിതികൾ രൂപീകരിക്കും. വൈസ് ചെയർപേഴ്സൺ ഹണി പീതാംബരൻ അദ്ധ്യക്ഷത വഹിച്ചു. കാർഷിക വികസന സമിതി അംഗങ്ങളായ കൗൺസിലർ ലത ഉണ്ണികൃഷ്ണൻ, എം എൻ രാമകൃഷ്ണൻ, കൃഷി ഓഫീസർമാരായ സൈറ ബാനു, വി.കെ.മണി എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: കൊടുങ്ങല്ലൂർ നഗരസഭയിൽ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി ഉദ്ഘാടനം നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ നിർവ്വഹിക്കുന്നു***

# ഒല്ലൂർ കൃഷി സമൃദ്ധിക്ക് തുടക്കം

ഒല്ലൂർ കൃഷി സമൃദ്ധിയുടെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ ഓൺലൈൻ വഴി നിർവഹിച്ചു. ഒല്ലൂർ നിയോജക മണ്ഡലത്തിന്റെ സമഗ്ര കാർഷിക വികസനം ലക്ഷ്യം വച്ച് കൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണിത്. തുടർന്ന് കുട്ടനെല്ലൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പെരുവാങ്കുളങ്ങരയുള്ള 50 സെന്റ് തരിശ് ഭൂമിയിൽ കൃഷി സമൃദ്ധി ഗ്രൂപ്പ് ആരംഭിക്കുന്ന പച്ചക്കറി കൃഷിയുടെ ഉദ്ഘാടനം ചീഫ് വിപ്പ് അഡ്വ കെ രാജൻ തൈ നട്ട് നിർവ്വഹിച്ചു. ഒല്ലൂർ നിയോജക മണ്ഡലത്തിലെ ജൈവകാർഷിക പ്രവർത്തനങ്ങളുടെ അംഗീകാരമായി ലഭിച്ച 10,00,000 രൂപയുടെ അവാർഡ് തുകയോടൊപ്പം കൃഷി വകുപ്പിന്റെ വിവിധ കാർഷിക പദ്ധതികളും തദ്ദേശ സ്വയംഭരണ്ട സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടും സഹകരണ സ്ഥാപനങ്ങളുടെ വായ്പ അടക്കമുള്ള ധനസഹായവും സംയോജിപ്പിച്ച് കർഷകർക്ക് 'വിത്ത്

മുതൽ വിപണി ‘ വരെ ഒരുക്കി നൽകുന്ന സമഗ്ര പദ്ധതിയാണ് ഒല്ലൂർ കൃഷി സമൃദ്ധി പദ്ധതി. ഒല്ലൂർ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെയും കോർപറേഷനിലേയും 46 കൃഷി സമൃദ്ധി ഗ്രൂപ്പുകളിലായി 482 കർഷകർ 96 ഏക്കർ ഭൂമിയിൽ വിവിധ കാർഷിക വിളകൾ കൃഷി ചെയ്യുന്നുണ്ട്. ഇവയിൽ നിന്നും ഉത്പാദിപ്പിക്കുന്ന കാർഷികോത്പന്നങ്ങൾ സഹകരണ ബാങ്കുകൾ വഴി സംഭരിച്ച് വിപണനം നടത്താനാണ് പദ്ധതിയിൽ ലക്ഷ്യമിടുന്നത്. ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങളുടെ ഗുണമേൻമയും സുരക്ഷിതത്വവും ഉറപ്പ് വരുത്താൻ കേരള കാർഷിക സർവ്വകലാശാല വഴി ഗ്രൂപ്പിലുൾപ്പെട്ട കർഷകർക്ക് പരിശീലനങ്ങളും മൂല്യ വർദ്ധനവിനുള്ള അടിസ്ഥാന സൗകര്യങ്ങളും നൽകാൻ ഉദ്ദേശിക്കുന്നു. കോർപറേഷൻ മേയർ അജിത ജയരാജൻ, കാർഷിക സർവ്വകലാശാല വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ. ജിജു പി. അലക്സ്, കുട്ടനെല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് റിക്സൺ പ്രിൻസ്, തൃശ്ശൂർ ജില്ല പ്രിൻസിപ്പൽ കൃഷി ഓഫീസർ കെ രാധാകൃഷ്ണൻ, എഡിഎ സത്യവർമ്മ എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: തരിശ് ഭൂമിയിൽ കൃഷി സമൃദ്ധി ഗ്രൂപ്പ് ആരംഭിക്കുന്ന പച്ചക്കറി കൃഷിയുടെ ഉദ്ഘാടനവേളയിൽ ചീഫ് വിപ്പ് അഡ്വ. കെ രാജൻ***

# ഭക്ഷ്യധാന്യ കിറ്റുകൾ നൽകുന്നു

2019-20 അധ്യയനവർഷം ഉച്ചഭക്ഷണ പദ്ധതിയിൽ ഗുണഭോക്താക്കളായ പ്രീപ്രൈമറി മുതൽ എട്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഭക്ഷ്യ കിറ്റ് വിതരണം നടത്തുന്നു. മൂന്നു തരത്തിലുള്ള ഭക്ഷ്യ കിറ്റുകൾ ആയാണ് കുട്ടികൾക്ക് വിതരണം ചെയ്യുന്നത്. ചെറുപയർ, കടല, തുവരപ്പരിപ്പ്, മുളകുപൊടി, മല്ലിപ്പൊടി, മഞ്ഞൾപൊടി, ആട്ട, പഞ്ചസാര, ഉപ്പ് എന്നി 9 ഭക്ഷ്യവസ്തുക്കളാണ് കിറ്റിൽ ഉൾപ്പെടുത്തുന്നത്. തയ്യാറാക്കിയ കിറ്റുകൾ സപ്ലൈകോ അധികൃതർ സ്കൂളുകളിൽ എത്തിച്ച് നൽകുന്നതാണ്. സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റി അംഗങ്ങൾ, പിടിഎ അംഗങ്ങൾ, മദർ പിടിഎ അംഗങ്ങൾ, എന്നിവരുടെ സഹായത്തോടെ കുട്ടികളുടെ രക്ഷിതാക്കൾക്ക് ഭക്ഷ്യകിറ്റ് വിതരണം ചെയ്യാനാണ് പൊതുവിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിട്ടുള്ളത്. പ്രീ പ്രൈമറി വിഭാഗം കുട്ടികൾക്കുള്ള കിറ്റാണ് ആദ്യം തയ്യാറാക്കി നൽകുന്നത്.

# കുടിവെള്ള പദ്ധതി നാടിനു സമർപ്പിച്ചു

ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച കടങ്ങോട് ഗ്രാമപഞ്ചായത്തിലെ കൈതമാട്ടം കുടിവെള്ള പദ്ധതി നാടിനു സമർപ്പിച്ചു. പദ്ധതിയുടെ ഉദ്ഘാടനം ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് എ.വി.സുമതി നിർവ്വഹിച്ചു. കടങ്ങോട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് രമണി രാജൻ അധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സുഗിജ സുമേഷ്, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എൻ.എ ഇക്ബാൽ, ബ്ലോക്ക് പഞ്ചായത്ത് അംഗം എ.എം. മുഹമ്മദ് കുട്ടി, ഗ്രാമ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ ജലീൽ ആദൂർ, കെ.ആർ.സിമി തുടങ്ങിയവർ സംസാരിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: കടങ്ങോട് ഗ്രാമ പഞ്ചായത്തിലെ കൈതമാട്ടം കുടിവെള്ള പദ്ധതി ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ വി സുമതി ഉദ്ഘാടനം ചെയ്യുന്നു***

# വൈദ്യുതി മുടങ്ങും

കെഎസ്ഇബി പട്ടിക്കാട് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലെ ബിഎംഎസ്, ഐഎൻടിയുസി ബസ് സ്റ്റാൻഡ്, മൂലംകോട്, ചെന്നായ്പാറ, കോളംകുണ്ട്, സ്നേഹാശ്രമം, പയ്യനം, താമരവെള്ളച്ചാൽ, താണാംപടി, വെള്ളക്കാരിത്തടം എന്നിവിടങ്ങളിൽ ബുധനാഴ്ച (ജൂലൈ 8) രാവിലെ 9 മുതൽ വൈകിട്ട് 5 വരെ വൈദ്യുതി മുടങ്ങുമെന്ന് അസി. എഞ്ചിനീയർ അറിയിച്ചു.

# പഴയന്നൂരിൽ ക്ഷീര സഹകരണ സംഘം

പഴയന്നൂർ ക്ഷീരോത്പാദക സഹകരണ സംഘം ഉദ്ഘാടനം ചെയ്തു. പഴയന്നൂർ ടൗണിൽ വെച്ച് യു.ആർ.പ്രദീപ് എം.എൽ.എ. ഉത്ഘാടനം ചെയ്ത ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശോഭന രാജൻ അദ്ധ്യക്ഷയായി. ജില്ലയിൽ ഏറ്റവും കൂടുതൽ പാൽ ഉത്പാദിപ്പിക്കുന്നതാണ് പഴയന്നൂർ ബ്ലോക്ക്. എല്ലാ ക്ഷീര കർഷകർക്കും ക്ഷീര സഹകരണ സംഘ വഴി ആനുകൂല്യങ്ങൾ ഉറപ്പാക്കുകയും കിസാൻ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള സഹായങ്ങൾ നൽകുകയും ചെയ്യുമെന്നും എം എൽ എ അറിയിച്ചു. മിൽമ ചെയർമാൻ പി.എ.ബാലൻ മാസ്റ്റർ മുഖ്യാതിഥിയായി. സംഘം പ്രസിഡന്റ് എം.പത്മകുമാർ സ്വാഗതവും, പ്രസാദ് പൊതുവാൾ നന്ദിയും പറഞ്ഞു. ബ്ലോക്ക് ക്ഷീര വികസന ഓഫീസർ കെ.സുരേഷ് കുമാർ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.പി.ശ്രീജയൻ, മിൽമ സൂപ്പർവൈസർ അബ്ദുൾ വഹാബ് തുടങ്ങിയവർ സംസാരിച്ചു. ആദ്യ വിൽപ്പന മുൻ പഞ്ചായത്ത് പ്രസിഡന്റ് പി.എ.ബാബു നിർവ്വഹിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: പഴയന്നൂർ ക്ഷീരോത്പാദക സഹകരണ സംഘം യു.ആർ.പ്രദീപ് എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു***

# പ്രതിഭ സംഗമം നടത്തി

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പത്താംതരം വിജയിച്ച പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യർത്ഥികളെയും പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള പട്ടിക ജാതി പെൺകുട്ടികൾക്കുള്ള പ്രീമെട്രിക് ഹോസ്റ്റലിൽ നിന്നും 100 ശതമാനം വിജയം കൈവരിവരെയും ബ്ലോക്ക് പഞ്ചായത്ത് അനുമോദിച്ചു. അനുമോദന സമ്മേളനം യു.ആർ.പ്രദീപ് എം.എൽ.എ. ഉത്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.തങ്കമ്മ അദ്ധ്യക്ഷയായി. വൈസ് പ്രസിഡന്റ് എം.പത്മകുമാർ സ്വാഗതവും, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ കെ. ഹണിമോൾ നന്ദിയും പറഞ്ഞു. ബ്ലോക്ക് സ്ഥിരം സമിതി അദ്ധ്യക്ഷൻ കെ.ആർ.സത്യൻ, ബ്ലോക്ക് പഞ്ചായത്തംഗം വി.എ.കുർഷികദ്, സെക്രട്ടറി എ.ഗണേഷ് എന്നിവർ സംസാരിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ പ്രീമെട്രിക് ഹോസ്റ്റലിൽ നിന്നും മികച്ച വിജയം കൈവരിച്ച വിദ്യാർത്ഥിനികളെ യു.ആർ.പ്രദീപ് എം.എൽ.എ അനുമോദി ക്കുന്നു***